(സി) ബാധകമല്ല.

(ഡി) എഫ്.എഫ്.ഡി.എ.-കളുടെ ആഭിമുഖ്യത്തിൽ കേന്ദ്ര സർക്കാരിന്റെ മാർഗ നിർദ്ദേശങ്ങൾക്ക് വിധേയമായിക്കൊണ്ടുള്ള ആനുകൂല്യങ്ങൾ മത്സ്യ കർഷകർക്ക് നല്കി വരുന്നുണ്ട്. മത്സ്യ കർഷകർക്കു വേണ്ട പരിശീലനം നല്കുക, പ്രോജക്ടുകൾ തയ്യാറാക്കി കൊടുക്കുക, മത്സ്യക്കുളങ്ങൾ സന്ദർശിച്ച് വേണ്ട നിർദ്ദേശങ്ങൾ നല്കുക എന്നിവയും ചെയ്യുന്നുണ്ട്. പുതുതായി ഈ രംഗത്തേയ്ക്ക് മത്സ്യകർഷകരെ ആകർഷിക്കുന്നതിനായി മത്സ്യക്കുഞ്ഞുങ്ങൾക്കും മത്സ്യത്തീറ്റയ്ക്കും, മത്സ്യക്കുളം വൃത്തിയാക്കുന്നതിനും പുതുതായി നിർമ്മിക്കുന്നതിനും ഹാച്ചറി നിർമ്മാണത്തിനും സബ്സിഡിയും നല്കുന്നുണ്ട്.

മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ

71 [2791] ശ്രീ. കെ. എൻ. എ. ഖാദർ :
,, സി. മോയിൻകുട്ടി :
,, ടി. പി. എം. സാഹിർ :
,, ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മത്സ്യത്തൊഴിലാളികൾക്ക് പഞ്ഞമാസങ്ങളിൽ സൗജന്യറേഷനും മറ്റ് ആശ്വാസ നടപടികളും ഏത് ഏജൻസി മുഖേനയാണ് എത്തിക്കുന്നത് എന്ന് വിശദമാക്കുമോ?

ഉത്തരം

സൗജന്യറേഷൻ റവന്യൂ വകുപ്പ് മുഖേനയും മറ്റ് ആശ്വാസ നടപടികൾ ഫിഷറീസ് വകുപ്പ് മുഖേനയുമാണ് എത്തിക്കുന്നത്.

മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് അംഗത്വവും പദ്ധതികളും

72 [2792] ഡോ. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ ആർക്കെല്ലാം അംഗത്വം ലഭിക്കുമെന്നും നിലവിൽ ഓരോ വിഭാഗത്തിലുംപെട്ട എത്ര അംഗങ്ങൾ വീതമുണ്ടെന്നും ഓരോ വിഭാഗത്തിൽനിന്നും എന്ത് തുക വീതം ക്ഷേമനിധി വിഹിതമായി പിരിക്കുന്നുവെന്നും വെളിപ്പെടുത്തുമോ;

(ബി) 2001-02 മുതൽ 2003-04 സാമ്പത്തിക വർഷം വരെയുള്ള ഓരോ വർഷവും ബോർഡ് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) മേൽപ്പറഞ്ഞ കാലയളവിൽ ഓരോ പദ്ധതിക്കും ലഭിച്ച അപേക്ഷകൾ, നിരാകരിച്ച അപേക്ഷകൾ, വിതരണം ചെയ്ത തുക എന്നീ വിവരങ്ങൾ അടങ്ങിയ സ്റ്റേറ്റ്മെന്റ് നൽകാമോ?

LIBRARY ARCHIVES Kerala Legislative Assembly